## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5978 08.07.2013-ൽ മറുപടിയ്ക്ക്

**അച്ചടി വകുപ്പിലെ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരുടെ 'ഇന്റേണൽ അദർ ഡ്യൂട്ടി'**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ഉബൈദുള്ള** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടി വകുപ്പിൽ സാങ്കേതിക യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉയർന്ന ശമ്പള സ്കെയിലിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് താഴ്ന്ന ശമ്പള സ്കെയിലുള്ള എൽ.ഡി. ക്ലാർക്ക് പോലുള്ള തസ്തികയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിലേക്ക് ഡെപ്യൂട്ടേഷൻ നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ? | (എ) കേരള സർവ്വീസ് റൂൾസ് പാർട്ട് I ചാപ്റ്റർ XI -ലെ നിബന്ധനകൾ ക്കനുസരിച്ചാണ് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്. |
| (ബി) ഔട്ടേണിന്റെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകേണ്ട ടെക്നിക്കൽ ജീവനക്കാരെ നോൺ പ്രൊഡക്ടീവ് വിഭാഗത്തിൽ 'ഇന്റേണൽ അദർ ഡ്യൂട്ടി' നൽകി വെറുതെ ഇരുത്തി ഔട്ടേണിൽ നിന്നും ഒഴിവാക്കി ഇൻക്രിമെന്റ്, പെർഫോർമെൻസ് | (ബി) അച്ചടി വകുപ്പിലെ പ്രൊഡക്ടീവ്, നോൺ പ്രൊഡക്ടീവ് വിഭാഗത്തിലുള്ള എല്ലാ ജീവനക്കാർക്കും പെർഫോർമെൻസ് അലവൻസ് നൽകാറുണ്ട്. ശാരീരിക അസുഖം മൂലം വളരെ അവശരും വികലാംഗരുമായിട്ടുള്ള ജീവനക്കാരെയാണ് നോൺ പ്രൊഡക്ടീവ് വിഭാഗത്തിൽ നിയമിക്കുന്നത്. അവരുടെ ജോലിയുടെ അടിസ്ഥാനത്തിൽ നോർമൽ |

| | | |
|---|---|---|
| | അലവൻസ് ഇവ നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഔട്ടേൺ അനുവദിക്കുകയും ആയതിന്റ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് അനുവദിക്കാറുമുണ്ട്. |
| (സി) | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഔട്ടേൺ നൽകേണ്ട എത്ര ബൈന്റർമാരെ ഔട്ടേണിൽ നിന്നും ഒഴിവാക്കി ഗസറ്റ് ഡെസ്പാച്ച് സെക്ഷനിൽ നിയമിച്ചിട്ടുണ്ട്; അതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ; ഇവർക്ക് വാർഷിക ഇൻക്രിമെന്റ്, പെർഫോർമൻസ് അലവൻസ് ഇവ നൽകുന്നുണ്ടോ; എങ്കിൽ ഇത് നിയമപ്രകാരമാണോ; വിശദാംശം നൽകുമോ? | (സി) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഗസറ്റ് ഡെസ്പാച്ച് സെക്ഷനിൽ നാല് ബൈന്റർമാരാണ് ജോലി ചെയ്യുന്നത്. അതിൽ മൂന്ന് പേർ വികലാംഗരും ഒരാൾ ആക്സിഡന്റ് മൂലം കൈയ്ക്ക് അവശതയുള്ളയാളുമാണ്. ഗസറ്റ് ഡെസ്പാച്ച് സെക്ഷനിൽ അദർ ഡ്യൂട്ടിയിൽ നിയമിക്കുന്ന ബൈന്റർമാർക്ക് അവർക്ക് ജോലിക്ക് നിയോഗിക്കുന്ന സമയം 'ഗസറ്റ് വർക്ക് ഇൻ സ്പെഷ്യൽ' എന്നെഴുതി ബന്ധപ്പെട്ട ഫോർമാൻമാർ മണിക്കൂർ പാസ്സാക്കി അസിസ്റ്റന്റ് സൂപ്രണ്ട് അംഗീകരിച്ച് ഔട്ടേൺ ഷീറ്റ് നൽകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റും പെർഫോർമെൻസ് അലവൻസും നൽകി വരികയാണ് ചെയ്യുന്നത്. ഇതിന്റെ നിയമസാധുത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ